ഉത്തരം

(എ) ഉണ്ട്.

(ബി) കൊണ്ടോട്ടിയിൽ സബ് ഡിപ്പോ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ചെർപ്പുളശ്ശേരി വഴി ബസ് സർവ്വീസ്

83 [546] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടുനിന്നും കോഴിക്കോട്ടേക്ക് മണ്ണാർക്കാട് വഴിയാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 7 കിലോമീറ്റർ ലാഭിക്കുവാൻ കഴിയുന്ന ചെർപ്പുളശ്ശേരി വഴി ഇത് സർവ്വീസ് നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) മണ്ണാർക്കാട് വഴിയുള്ള ടി.ടി. സർവ്വീസിന് പൊന്നംകോട് എന്ന സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പാലക്കാട് ബസ് സ്റ്റാൻഡിൽ കംഫർട്ട് സ്റ്റേഷനായി ഉപയോഗിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്ത് സ്ത്രീകൾക്ക് മാത്രമായുള്ള വിശ്രമസങ്കേതം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) ഈ കാര്യം പരിശോധിച്ചു തീരുമാനം എടുക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

84 [547] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിർമ്മാണത്തിനുവേണ്ടി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തുക 4.37 കോടി രൂപയാണ്. നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ്—തിരുവനന്തപുരം എ.സി. ബസ് സർവ്വീസ്

85 [548] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്—തിരുവനന്തപുരം എ.സി. ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്നും എന്നത്തേക്ക് ബസ് സർവ്വീസ് ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

പുതിയ എ. സി. ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് ഇതുവരെ ലഭ്യമായിട്ടില്ല. എ.സി. ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം

86 [550] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം സംസ്ഥാനത്തിന് പുറത്തുള്ള ഏതെല്ലാം കമ്പനികൾക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ പെരുകിട ബോഡി ബിൽഡിംഗ് യൂണിറ്റുകൾക്ക് ബോഡി നിർമ്മാണചുമതല നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനു പുറത്ത് ബോഡിനിർമ്മാണം നടത്തിയ ഫൈറ്റെക്ക് ബസ്സുകൾ വളരെരോഗം പൊട്ടിപ്പൊളിയുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly